CONSUMERFED

Kerala State Co.operative Consumers' Federation Ltd.
GANDHI NAGAR, ERNAKULAM, KOCHI-682 020
TEL: 2203507, 2203652, 2203256 FAX: 91-484-2203796
E-mail:econsumerfed@gmail.com, Website: www.consumerfed.net

CFED/ESD-5/319/2021-22

22.10.2021 / 1451

## സർക്കുലർ-5/2021

കൺസ്യൂമർഫെഡിലെ പെർമനന്റ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ EWF ൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു വേണ്ടി താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ റീജിയണിൽ ലഭിക്കുമ്പോൾ ആവശ്യമായ എല്ലാ രേഖകളും ഉണ്ട് എന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രം ഹെഡ്ഓഫീസിലേക്ക് ശുപാർശ ചെയ്യേണ്ടതാണ്. മുഴുവൻ രേഖകളും ഇല്ലാതെ ഹെഡോഫീസിലേക്ക് അയക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

### EWF ൽ നിന്നും ചികിത്സ ധനസഹായത്തിനായി സമർപ്പിക്കേണ്ട രേഖകൾ

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ
2. മാതാപിതാക്കൾക്കുള്ള ചികിത്സ ഗ്രാൻറിന് അവർ ജീവനക്കാരന്റെ പൂർണ്ണ സംരക്ഷണയിലാണെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്
3. ജീവനക്കാരുടെ മക്കൾക്കുള്ള ചികിത്സ ഗ്രാൻറിന് അവർ അവിവാഹിതരും, തൊഴിൽരഹിതരുമാണെന്ന് സാക്ഷ്യപ്പെടുത്തിയ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്
4. ആശ്രിതരുടെ ചികിത്സ ഗ്രാൻറിനായി അപേക്ഷിക്കുന്നവർ ജീവനക്കാരനും, ആശ്രിതനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന റവന്യൂരേഖയുടെ ശരിപകർപ്പ് കൂടി ഹാജരാക്കണം.
5. കേസ് സമ്മറി/ ഡിസ്ചാർജ് സമ്മറിയുടെയും മറ്റ് ചികിത്സാരേഖകളുടെയും ഗസറ്റഡ് ഓഫീസ്സർ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് (ബില്ലുകൾ ഹാജരാക്കേണ്ടതില്ല)
6. വെൽഫെയർ ബോർഡ് ചട്ടം 26 (e) പ്രകാരം ഗ്രാൻറ് അനുവദിക്കുന്ന ചികിത്സകളുടെ പട്ടികയിൽ ഏത് വിഭാഗത്തിലാണ് പ്രസ്തുത ചികിത്സ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് /ചികിത്സ സർട്ടിഫിക്കറ്റിന്റെ അസ്സൽ.

### മരണമടഞ്ഞ ജീവനക്കാർക്ക് EWF ൽ നിന്നും മരണാനന്തര ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ട രേഖകൾ

താങ്കളുടെ റീജിയണിനു കീഴിൽ ജോലിയിലിരിക്കെ മരണമടഞ്ഞ എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗത്വമുള്ള സ്ഥിര ജീവനക്കാരുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം ലഭിക്കുന്നതിന് താഴെപ്പറയുന്ന രേഖകൾ 30 ദിവസത്തിനുള്ളിൽ റീജിയണൽ ഓഫീസ് മുഖാന്തിരം ഹെഡ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

1. ഗസറ്റഡ് ഓഫീസ്സർ സാക്ഷ്യപ്പെടുത്തിയ മരണസർട്ടിഫിക്കറ്റ്.
2. മരണാനന്തര ധനസഹായം കൈപ്പറ്റുന്നതിനുള്ള നോമിനിയായി നിർദ്ദേശിച്ചിട്ടുള്ളത് കുടുംബാംഗം അല്ലാത്തപക്ഷം ധനസഹായ തുക അവകാശിക്ക് കൈപ്പറ്റുന്നതിനായി തഹസിൽദാരിൽ നിന്നും ലഭിച്ച അവകാശ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അവകാശസർട്ടിഫിക്കറ്റ് പ്രകാരം നോമിനിക്കു പുറമെ മറ്റംഗങ്ങളും മരണമടഞ്ഞയാളിന്റെ നിയമാനുസൃത അവകാശികളായി രേഖപ്പെടുത്തിയിട്ടുള്ള പക്ഷം മറ്റംഗങ്ങളുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം.

DESPATCHED
Dt 29/10/21

Scanned by CamScanner

4. നോമിനിയായി ഒന്നിലധികം പേരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ടെങ്കിൽ അപേക്ഷിക്കുന്നയാളിന് മാത്രമായി ധനസഹായം കൈപ്പറ്റുന്നതിന് മുകളിൽ പറഞ്ഞിട്ടുള്ള 2,3 ഇനങ്ങൾ പ്രകാരമുള്ള ഏതെങ്കിലും രേഖ.
5. നിശ്ചിത മാതൃകയിലുള്ള അപേക്ഷ

**EWF ൽ നിന്നും നിക്ഷേപ വിഹിതം തിരികെ ലഭിക്കുന്നതിനു വേണ്ടി സമർപ്പിക്കേണ്ട രേഖകൾ**

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ

EWF ൽ നിന്നും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് **www.kscewb.kerala.gov.in** ൽ ലഭ്യമാണ്. ജീവനക്കാരിൽ നിന്നും അപേക്ഷകളും, അനുബന്ധരേഖകളും യഥാസമയം സ്വീകരിച്ച് ഹെഡ് ഓഫീസിൽ ലഭ്യമാക്കുന്നതിന് റീജിയണൽ മാനേജർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**

To

എല്ലാ റീജിയണൽ മാനേജർമാർക്കും

പകർപ്പ്:

1. എല്ലാ വകുപ്പ്മേധാവികൾക്കും
2. ജനറൽ മാനേജർ
3. ചെയർമാൻെറ മേശപ്പുറത്ത് അറിവിലേക്കായി

Scanned by CamScanner